**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സ്ഥാപിത ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആദ്യ വർഷം തന്നെ സ്ഥാപിത ശേഷി നേടുന്ന ലോകത്തെ അപൂർവ്വം തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 10 ലക്ഷം TEU (Twenty Foot Equivalent Unit) ആണ്. തുറമുഖത്തിന്റെ ട്രയൽ റൺ 2024 ജൂലൈ മാസം 11-ാം തീയതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ മാസം 3-ാം തീയതിയുമാണ് ആരംഭിച്ചത്. പ്രവർത്തനമാരംഭിച്ച് ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ലോക മാരിടൈം ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കൈവരിച്ച് കഴിഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളെപ്പോലും അനായാസം കൈകാര്യം ചെയ്യുവാൻ വിഴിഞ്ഞത്തിന് കഴിഞ്ഞു. കൂടാതെ, ചുരുങ്ങിയ കാലയളവിൽത്തന്നെ 10 ലക്ഷത്തിലധികം കണ്ടെയ്നറുകളെ കൈകാര്യം ചെയ്തും തെക്കനേഷ്യയിലെ ഒരു സുപ്രധാന ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി വിഴിഞ്ഞം മാറിക്കഴിഞ്ഞു. ട്രയൽ റൺ ആരംഭിച്ചതു മുതൽ 2025 ഓഗസ്റ്റ് മാസം വരെ തുറമുഖത്തിൽ കൈകാര്യം ചെയ്ത കണ്ടെയ്നറുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഓഗസ്റ്റ് 31 വരെ 468 കപ്പലുകൾ തുറമുഖത്തിലെത്തുകയും 10,26,983 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു. |

| | | | |
|---|---|---|---|
| | | | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ കണ്ടെയ്നർ ഹാൻഡ്ലിംഗ് പ്രവർത്തങ്ങൾ ഓട്ടോമേറ്റഡ് ആയിട്ടാണ് ചെയ്യുന്നത്. ഇന്ത്യയിലെ തന്നെ ആദ്യത്തെ ഓട്ടൊമേറ്റഡ് കണ്ടെയ്നർ ടെർമിനലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ഓട്ടൊമേറ്റഡ് പ്രവർത്തനം നടത്തുന്നതിനാൽ മറ്റ് തുറമുഖങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ ഉൽപാദനക്ഷമത കൂടുതലാണ്. |
| (ബി) | പ്രസ്തുത തുറമുഖത്തിന്റെ അടുത്ത ഘട്ടത്തിലെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ **2,3,4** ഘട്ടങ്ങളുടെ നിർമ്മാണം ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഏറ്റെടുക്കാനും **2028** ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുവാനും ഉടമ്പടിയായി ട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ നിർമ്മാണത്തിനായുള്ള പാരിസ്ഥിതികാനുമതി **10/03/2025** ന് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങൾ കൂടി പൂർത്തിയാകുന്നതോടുകൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം **30** ലക്ഷം **TEU** കണ്ടെയ്നറുകളായി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം **9500** കോടി രൂപയാണ് **AVPPL** കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും **AVPPL** വഹിക്കുന്നതുമാണ്. നിലവിൽ തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള **Detailed Design** ഉം മറ്റും പദ്ധതിയുടെ **Independent Engineer** മുഖേന പരിശോധിച്ച് വരികയാണ്. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>തുറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനായി തുറമുഖ റോഡ് എൻ.എച്ച് 66-മായി ചേരുന്ന ഭാഗത്ത് ക്ലോവർ ലീഫ് മാതൃകയിൽ വികസിപ്പിക്കുന്നതും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, തുറമുഖത്തിൽ നിന്നും റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാന ങ്ങൾ ക്രമീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.<br><br>കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ |

| | | | |
|---|---|---|---|
| | | | ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. **AVPPL** മായുള്ള സപ്ലിമെന്ററി കൺസെഷൻ പ്രകാരം റെയിൽ പാത **2028** ഡിസംബറിനുള്ളിൽ സ്ഥാപിക്കേണ്ടതാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് **(KRCL)-** നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. **KRCL** തയ്യാറാക്കിയ **DPR** ദക്ഷിണ റെയിൽവേയുടെ അംഗീകാരം **2022** മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിയുടെ **DPR** ന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | രാജ്യത്തെ ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി വിഴിഞ്ഞത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും ലോകോത്തര ട്രാൻസ്ഷിപ്മെന്റ് ആവാസ വ്യവസ്ഥ പട്ടുത്തുയർത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | നമ്മുടെ രാജ്യത്തിൽ ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് തുറമുഖത്തിന്റെ അഭാവമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമായതിലൂടെ നികത്തപ്പെട്ടിരിക്കുന്നത്. ട്രാൻസ്ഷിപ്മെന്റ് തുറമുഖത്തിന്റെ അഭാവം മൂലം രാജ്യത്തെ 75% ട്രാൻസ്ഷിപ്മെന്റും കൈകാര്യം ചെയ്തിരുന്നത് സിംഗപ്പൂർ, മലേഷ്യ, കൊളംബോ മുതലായ വിദേശ തുറമുഖങ്ങൾ മുഖേനയാണ്. പ്രതിവർഷം ഇന്ത്യയുടെ ഏകദേശം 5 മില്യൺ TEU കണ്ടെയ്നറുകളാണ് ടി വിദേശ തുറമുഖങ്ങളിൽ കൈകാര്യം ചെയ്തിരുന്നത്. ഇതിലൂടെ ഇന്ത്യൻ കയറ്റുമതി – ഇറക്കുമതിക്കാർക്ക് അധിക ചെലവും സമയ നഷ്ടവും ഉണ്ടാകുന്ന സാഹചര്യമുണ്ടായിരുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം പ്രവർത്തനക്ഷമമായതോടുകൂടി കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റിനായി വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ കൂടി പൂർത്തീകരിക്കു മ്പോൾ നൂതന സാങ്കേതിക വിദ്യയും ഓട്ടോമേഷനും പ്രയോജനപ്പെടുത്തി പ്രതിവർഷം 4.5 മില്യൺ TEU കണ്ടെയ്നറുകൾ വരെ കൈകാര്യം ചെയ്യുവാൻ വിഴിഞ്ഞത്തിന് സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. തുടർ ഘട്ടങ്ങൾ 2028 ഡിസംബറോട് കൂടി പൂർത്തീകരിച്ച് വിഴിഞ്ഞം തുറമുഖത്തിനെ ദക്ഷിണേഷ്യയിലെ ലോകോത്തര നിലവാരമുള്ള ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി മാറ്റുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഏകദേശം 9500 കോടി രൂപയാണ് തുടർ ഘട്ടങ്ങളുടെ വികസനത്തിനായി ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക പൂർണ്ണമായും കൺസഷണയറായ AVPPL വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Month | No.of Vessels | No.of TEUs | Userfee collected (in Rs.Cr.) |
|---|---|---|---|
| Trial Operation Period (11th Jul 2024- 02nd Dec 2024) | 71 | 1,47,818 | 94.31 |
| Dec-24 | 33 | 67,338 | 32.79 |
| Jan-25 | 45 | 85,635 | 45.65 |
| Feb-25 | 40 | 78,833 | 27.29 |
| Mar-25 | 51 | 1,08,770 | 38.65 |
| Apr-25 | 45 | 1,04,413 | 35.16 |
| May-25 | 49 | 1,14,432 | 39.56 |
| Jun-25 | 43 | 95,573 | 32.65 |
| Jul-25 | 42 | 1,05,228 | 38.24 |
| Aug-25 | 49 | 1,18,943 | 41.42 |
| **Total** | **468 vessels** | **10,26,983 TEUs** | **Rs.425.72 Cr.** |

**സെക്ഷൻ ഓഫീസർ**